**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **08-06-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ ; | (എ) | 30.04.2021-ലെ ക്രോഡീകരിച്ച കണക്ക് പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 2461.82 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട് (പ്രൊവിഷണൽ). 30.04.2021 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും, അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകുകയും ചെയ്യുന്നുണ്ട്.<br>കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 2016, 2018, 2019, 2021 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. KSERC യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശിക മുതലിനു തന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടുത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്ക വിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും, തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും, വൺ ടൈം സെറ്റിൽമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചും, ഡിസ്കണക്ഷൻ നടത്തിയും, റവന്യൂ റിക്കവറി നടപടികളിലൂടെയും, വൈദ്യുതി അദാലത്ത് നടത്തിയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി എല്ലാ മാസങ്ങളിലും നൽകുന്നു. |
| (സി) | നിലവിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര കോടി രൂപയുടെ ലാഭം അല്ലെങ്കിൽ നഷ്ടമെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ വൈദ്യുതി ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2019-20-ലെ കണക്ക് പ്രകാരം 269.55 കോടി രൂപയാണ് നഷ്ടം. |
| (ഡി) | കോവിഡ്-19 ന്റെ സാഹചര്യത്തിൽ യഥാസമയം വൈദ്യുതി ബില്ലുകൾ അടയ്ക്കുവാൻ കഴിയാത്ത ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനു മുമ്പായി ഇത്തരം ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന കാര്യവും അവർക്ക് മതിയായ സമയം നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കുമോ; വിശദാംശം നൽകാമോ ? | (ഡി) | 2020 ലെ കോവിഡ് മൂലമുള്ള ആദ്യ ലോക്ക്ഡൗൺ കാരണം വൈദ്യുതി ബിൽ അടക്കുവാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് 2020 ഡിസംബർ 31 വരെ സാവകാശം നൽകിയിരുന്നു. ഈ സമയപരിധിയ്ക്കു ശേഷവും ബിൽ അടയ്ക്കാനുള്ള ഉപഭോക്താക്കളെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ സീനിയർ സൂപ്രണ്ട്, സീനിയർ അസ്സിസ്റ്റന്റ് എന്നിവരോ ഇവർ ചുമതലപ്പെടുത്തിയ മറ്റു ജീവനക്കാരോ ഫോണിൽ ബന്ധപ്പെട്ട് ബിൽ തുക അടയ്ക്കുവാനുള്ള നിർദ്ദേശം നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതാണ് എന്ന അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. സപ്ലൈ കോഡ് അനുശാസിക്കുന്ന തരത്തിലുള്ള Disconnection cum Demand Notice ആണ് KSEB Ltd. നൽകുന്നത്. കൂടാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനു മുൻപായി ഒരു SMS നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ കോവിഡ് ലോക്ക്ഡൗൺ കാരണം, വൈദ്യുതി മോഷണം, അപകടങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 99.42 കോടി രൂപ |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 773.73 കോടി രൂപ |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 2.68 കോടി രൂപ |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 61.88 കോടി രൂപ |
| ഗാർഹിക ഉപഭോക്താക്കൾ | 484.66 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | 911.43 കോടി രൂപ |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 47.41 കോടി രൂപ |
| പൊതു സ്ഥാപനങ്ങൾ | 7.17 കോടി രൂപ |
| മറ്റിതര സ്ഥാപനങ്ങൾ | 73.44 കോടി രൂപ |
| **ആകെ** | **2461.82 കോടി രൂപ** |

**സെക്ഷൻ ഓഫീസർ**